"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി- തിരുവനന്തപുരത്തെ മുഖ്യ നഗരാസൂത്രകൻ (വിജിലൻസ്)-ന്റെ കാര്യാലയത്തിലെ ഡെപ്യൂട്ടി ടൗൺ പ്ലാനറായ ശ്രീ.പി.ജി.പ്രദീപ് കുമാറിനെ കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയിൽ ഡെപ്യൂട്ടി ഡയറക്ടർ (ടെക്നിക്കൽ) തസ്തികയിൽ ഒരു വർഷത്തേക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്

സ.ഉ.(സാധാ) നം.1656/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 15/09/2020

---

പരാമർശം:- 1 10.06.2013-ലെ 42/2013/ധന നമ്പർ സർക്കുലർ

2 28.11.2013-ലെ സ.ഉ.(പി) നം.580/2013/ധന

3 05.10.2019-ലെ സ.ഉ.(പി) നം.65/2019/തസ്വഭവ

4 30.11.2019-ലെ സ.ഉ.(സാധാ) നം.2715/2019/തസ്വഭവ

5 09.04.2020-ലെ സ.ഉ.(സാധാ) നം.748/2020/തസ്വഭവ

6 20.05.2020-ലെ സ.ഉ.(സാധാ) നം.927/2020/തസ്വഭവ

7 കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി സെക്രട്ടറി (ടെക്നിക്കൽ/ അഡ്മിനിസ്ട്രേഷൻ)-യുടെ 28.05.2020-ലെ നം.119/T3/2019/RERA നമ്പർ കത്ത്.

8 മുഖ്യ നഗരാസൂത്രകന്റെ 25.06.2020-ലെ ടിസിപിസിടിപി/ 2410/2019-എ3 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (4) പ്രകാരം, എറണാകുളത്ത് ഡെപ്യൂട്ടി ടൗൺ പ്ലാനറായ ശ്രീ. ആർ. പ്രദീപിനെ പരാമർശം (3) പ്രകാരം രൂപീകൃതമായ കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയിൽ ഡെപ്യൂട്ടി ഡയറക്ടർ (ടെക്നിക്കൽ) തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവായിരുന്നു. പരാമർശം (6) പ്രകാരം , ശ്രീ. ആർ. പ്രദീപിനെ ടൗൺ പ്ലാനർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി കൊച്ചി ഗോശ്രീ ഐലൻഡ് ഡെവലപ്മെന്റ് അതോറിറ്റിയിൽ നിയമിച്ച് ഉത്തരവായതിനാൽ, കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയിൽ നിലവിൽ ഒഴിവുള്ള ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് പരാമർശം (7) പ്രകാരം കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി സെക്രട്ടറി (ടെക്നിക്കൽ/ അഡ്മിനിസ്ട്രേഷൻ) അഭ്യർത്ഥിച്ചിരുന്നു.

2) നഗര-ഗ്രാമാസൂത്രണ വകുപ്പിലെ ഡെപ്യൂട്ടി ടൗൺ പ്ലാനറും ഇപ്പോൾ തിരുവനന്തപുരം മുഖ്യ നഗരാസൂത്രകൻ (വിജിലൻസ്)-ന്റെ കാര്യാലയത്തിൽ സേവനമനുഷ്ഠിച്ച് വരുന്നയാളുമായ ശ്രീ.പി.ജി.പ്രദീപ് കുമാറിനെ കേരള റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റിയിൽ ഡെപ്യൂട്ടി ഡയറക്ടർ (ടെക്നിക്കൽ) തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിനായി മുഖ്യ നഗരാസൂത്രകൻ പരാമർശം (8) പ്രകാരം നാമനിർദേശം ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റിയിൽ ഡെപ്യൂട്ടി ഡയറക്ടർ (ടെക്നിക്കൽ) തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചിരുന്ന ശ്രീ.ആർ.പ്രദീപിനു പകരമായി, നഗര-ഗ്രാമാസൂത്രണ വകുപ്പിലെ ഡെപ്യൂട്ടി ടൗൺ പ്ലാനറും ഇപ്പോൾ തിരുവനന്തപുരം മുഖ്യ നഗരാസൂത്രകൻ (വിജിലൻസ്)-ന്റെ കാര്യാലയത്തിൽ സേവനമനുഷ്ഠിച്ചു വരുന്നയാളുമായ ശ്രീ.പി.ജി.പ്രദീപ് കുമാറിനെ, കേരള റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റിയിൽ പരാമർശം (5) പ്രകാരം അനുവദിച്ചിട്ടുള്ള ഡെപ്യൂട്ടി ഡയറക്ടർ (ടെക്നിക്കൽ) തസ്തികയിൽ, കേരള സർവീസ് ചട്ടങ്ങൾ ഭാഗം 1 ചട്ടം 140 (C)- യിലെ വ്യവസ്ഥകൾക്കും പരാമർശം (1), (2) പ്രകാരമുള്ള മാനദണ്ഡങ്ങൾക്കും വിധേയമായി അന്യത്ര സേവന വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഹരികുമാർ എ എസ്**

**അണ്ടർ സെക്രട്ടറി**

പകർപ്പ്

ശ്രീ.പി.ജി.പ്രദീപ് കുമാർ, ഡെപ്യൂട്ടി ടൗൺ പ്ലാനർ, മുഖ്യ നഗരാസൂത്രകൻ (വിജിലൻസ്) കാര്യാലയം,തിരുവനന്തപുരം.

ചെയർമാൻ,കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി,തിരുവനന്തപുരം.

മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം.

മുഖ്യ നഗരാസൂത്രകൻ (വിജിലൻസ്), തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ്(വെബ്&ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.